Rama Varmha Tampuran.—(a) Yes. The request is for the grant of a major license for the sale of sulphur, etc.

(b) Government do not consider that any public purpose is served thereby.

(c) The request is under the consideration of Goverr.ment.

(d) Yes.

(e) It was recorded.

Ferries in Mulavukad.

262. മിസ്റ്റർ പി. സി. ചാഞ്ചൻ.—(ക) മുളവുകാട്ടരാജ്യം എത്ര മൈൽ നീളമുണ്ടെന്നും (ഖ) എത്ര ഗവമ്മെണ്ടു കടത്തുകൾ ഉണ്ടെന്നും അതു ഏതേതു രാജ്യത്തേക്കാണെന്നും ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ഉത്തരം പറയാമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(ക) ഏകദേശം നാലുനാഴിക.

(ഖ) അഞ്ചു. (ക) പോഞ്ഞിക്കര റസിഡൻസി ബങ്കളാവിനു തൊട്ടു വടക്കുഭാഗത്തുനിന്നാറണാകുളത്തേക്കു (ഖ) ഒന്നാം നംബർ കടത്തിന്റെ ഏകദേശം ഒന്നരനാഴികവടക്കോട്ടുനീങ്ങി ചാത്തൃാത്തേക്കു (ന) രണ്ടാം നംബർ കടത്തിന്റെ ഏകദേശം രണ്ടുനാഴിക വടക്കോട്ടു നീങ്ങി ചിറക്കു. (ഠ) ഒന്നാം നംബർ കടത്തിന്റെ എതുഭാഗത്തായി പടിഞ്ഞാറു ഭാഗത്തുനിന്നാവല്ലാർപാടത്തേക്കു. (ങ) മൂന്നാം നംബർ കടത്തിന്റെ ഏകദേശം അരനാഴിക വടക്കോട്ടു നീങ്ങി വടക്കെ അതൃത്തിയിൽ നിന്നും എളങ്കുന്നപ്പുഴക്കു.

മിസ്റ്റർ പി. സി. ചാഞ്ചൻ.—മുളവുകാട്ടു അഞ്ചുകടത്തുണ്ടു. എന്നാൽ പബ്ലിക്കു റോഡിന്റെ കേടുകളെപ്പറ്റി ഗവമ്മെണ്ടിനു വല്ലതും അറിവുണ്ടൊ?

മിസ്റ്റർ വി കെ അരവിന്ദാക്ഷമേനോൻ.—അവിടെ റോഡായിട്ടില്ലല്ലൊ.

മിസ്റ്റർ പി. സി. ചാഞ്ചൻ.—വല്ല വഴിയുമുണ്ടൊ?

പ്രസിഡെണ്ടു.—കടത്തു കടന്നു ചെല്ലുമ്പോളുള്ള വഴികളെപ്പറ്റിയാണൊ ചോദിക്കുന്നതു?

മിസ്റ്റർ പി. സി. ചാഞ്ചൻ.—അതെ. ഈ അഞ്ചു കടത്തുകളുടെ വാരാന്ത്യമുള്ള രാജ്യത്തെ വഴികളുടെ സ്ഥിതി ഗവമ്മെണ്ടു നോക്കാത്തതു എന്തുകൊണ്ടു? ഇപ്പോഴത്തെ സ്ഥിതിക്കു് ഇനിയും കടത്തുകൾ കൂറക്കേണ്ടിവരും.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഇതിനെപ്പറ്റി പണ്ടു ഒരു പ്രൊപ്പോസൽ ഉണ്ടായിരുന്നു. പോഞ്ഞിക്കര മുളവുകാടു വഴി പഞ്ചായത്തുകാർ ചെയ്യുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ പി. സി. ചാഞ്ചൻ.—പഞ്ചായത്തുകാർ ഇങ്ങിനെ ഒരു വഴി ഉണ്ടെന്നു അറിയുമൊ എന്നതന്നെ സംശയമാണു. ഈ പണി ഗവമ്മെണ്ടുതന്നെ ചെയ്യുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—പഞ്ചായത്തു റിപ്പോർട്ടു കിട്ടിയിട്ടു വേണം, അപ്പോൾ ആലോചിക്കാം.

Manjanakkad Night School.

263. മിസ്റ്റർ പി. സി. ചാഞ്ചൻ.—മഞ്ഞനക്കാട്ടു നിശാപാഠശാലയിൽ പഠിക്കുവാൻ പോയ ഒരു പുലയവിദ്യാർത്ഥിയെ എത്രാനും ദിവസങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കുമുമ്പു് ഒരു ക്രിസ്ത്യാനി ഉപദ്രവിച്ചതിനെ സംബന്ധിച്ചുള്ളകേസ്സു് ബഹുമാനപ്പെട്ട ശവമ്മെണ്ടിന്റെ ദൃഷ്ടിക്കു പാത്രീഭവിച്ചിട്ടുണ്ടോ?

ഉണ്ടെങ്കിൽ അതിനു എന്തു നടപടികൾ നടത്തീട്ടുണ്ടെന്നു ദയവായി പറയാമോ?

റാവു സാഹിബു് മിസ്റ്റർ സി. മത്തായി.—ഉണ്ടു്.

പോല്ലീസ്കമ്മീഷണർ അവർകളോടു വേണ്ടതു പ്രവൃത്തിപ്പാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

മിസ്റ്റർ പി. സി. ചാഞ്ചൻ.—കുട്ടിയെ അടിച്ചു കേസ്സിനെപ്പറ്റി എന്തു ചെയ്തു?

റാവു സാഹിബു് മിസ്റ്റർ സി. മത്തായി.—പോലീസ് കമ്മീഷണരോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

മിസ്റ്റർ പി. സി. ചാഞ്ചൻ.—എന്തു സംഗതി?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അതിപ്പോൾ പറവാൻ തരമില്ല. നടപടി നടത്തണം.

മിസ്റ്റർ പി. സി. ചാഞ്ചൻ.—നാലുമാസം കഴിഞ്ഞിട്ടും ഹർജിക്കു മറുപടിയില്ല.

Kodakara L. S. School.

264. മിസ്റ്റർ പി. സി. ചാഞ്ചൻ.—കൊടകര ലോവർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന വള്ളി എന്നു പേരായ ഒരു പുലയവിദ്യാർത്ഥിയെ മുപ്പൊരിക്കൽ നീലക്കുട പിടിച്ചു നടന്നു എന്നുള്ള കേസ്സിൽ കൃഷ്ണൻനായർ എന്നു പേരോടുകൂടിയ ഒരുത്തൻ മനഃപൂർവ്വമായി ഉപദ്രവിച്ചതിനും പുറമെ രണ്ടുമൂന്നു മാസങ്ങൾക്കു മുമ്പു് ടി കൃഷ്ണൻനായർ വള്ളി എന്ന പുലയവിദ്യാർത്ഥിയെ കൃഷ്ണൻനായർ അയാളുടെ പീടികയിൽ പിടിച്ചു കെട്ടിയിട്ട ഉപദ്രവിച്ച സംഗതി ശവമ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

ഉണ്ടെങ്കിൽ എന്തു നടപടി നടത്തീട്ടുണ്ടു്?

റാവു സാഹിബു് മിസ്റ്റർ സി. മത്തായി.—ഉണ്ടു്.

ഇതിനെപ്പറ്റി കേസ്സു് കോടതിയിൽ ഫയലിൽ ഇരിക്കുന്നതിനാൽ, ശവമ്മെണ്ടു തല്ക്കാലം യാതൊന്നും പ്രവൃത്തിപ്പാൻ വിചാരിക്കുന്നില്ല.

Caste-war statement of officers in the Huzur Office.

265. Mr. K. Ayyappan.—Will the Government be pleased to state the number of men in the Huzur Service belonging to each of the following communities:—Jews, Christians, Muslims, Nayars, Ezhuvas, Brahmans, Arayans and others?

Rama Varmha Tampuran.—

Jews	Nil
Christians	14
Muslims	3
Nayars	35
Ezhuvas	1
Brahmans	18
Arayans	Nil
Others	7

The above includes 8 temporary and 11 acting hands.

LIBRARY ARCHIVES Kerala Legislative Assembly